ഫീസ് ഈടാക്കുന്നതിനും പരീക്ഷ നടത്തുന്നതിനും അപ്പോൾത്തന്നെ മൂല്യ നിർണ്ണയം നടത്തി ജയിച്ചവർക്ക് ലൈസൻസ് കൊടുക്കുന്നതിനും കൂടുതൽ ഉദ്യോഗസ്ഥന്മാർ വേണ്ടിവരും. വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ചുള്ള ഉദ്യോഗസ്ഥന്മാരില്ലാത്തതിനാൽ ഒരു ജില്ലയിലെ മുഴുവൻ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരേയും വിളിച്ചു വരുത്തിയാൽ മാത്രമേ ടെസ്റ്റ് നടത്താൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് ജില്ലാ ആസ്ഥാനങ്ങൾ എഴുത്തു പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തത്. ഈ വകുപ്പിൽ സംസ്ഥാനത്ത് ആകെ 194 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയും 76 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ തസ്തികയും 56 ജോയിന്റ് ആർ.ടി.ഒ.മാരുടെ തസ്തികകളും 15 ആർ.ടി.ഒ.മാരുടെ തസ്തികയുമാണുള്ളത്. 60 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയായിരുന്നു. ഇതു സംബന്ധിച്ച് ചില കേസ്സുകളും ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്നു. അതിൽ 37 പേർക്ക് പി.എസ്.സി. നിയമനമാണ്. ഹൈക്കോടതി കേസ്സുകൾ ഭാഗികമായി പൂർത്തീകരിച്ചശേഷം 12.5.99-ൽ നിയമനം നൽകി. അങ്ങനെ ജോയിൻ ചെയ്ത 35 പേരും പോലീസ് ട്രെയിനിംഗ് കോളേജിൽ ട്രെയിനിംഗിനു വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഹൈപവർ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ഡ്രൈവിംഗ് ടെസ്റ്റ് കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന്റെ ഭാഗമായി പരിഷ്കരിച്ച രീതിയിലാണ് ടെസ്റ്റു നടത്തുന്നത്. 19 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടേയും 34 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടേയും തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ സജീവമായി പരിഗണിച്ചു വരികയാണ്. ഈ തസ്തികകൾ അനുവദിക്കുന്ന മുറയ്ക്ക്, പി.എസ്.സി. 60 പേർക്കും നിയമനം നൽകുന്ന മുറയ്ക്ക് ജോയിന്റ് ആർ.ടി. ഓഫീസുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിക്കൂടി എഴുത്തു പരീക്ഷ നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. വടകരയിലെയും കൊടുവള്ളിയിലെയും പ്രശ്നങ്ങൾ പ്രത്യേകിച്ച് പരിഗണിക്കുന്നതാണ്.

(13) കണ്ണൂർ ജില്ലാ ആശുപത്രിയുടെ ശോചനീയാവസ്ഥ

<u>ശ്രീ. എം.വി. ജയരാജൻ</u> : സർ, കണ്ണൂർ ജില്ലാ ആശുപത്രിയുടെ സ്ഥിതി വളരെ പരിതാപകരമാണ്. കഴിഞ്ഞ മാസം 3-ാം തീയതി ജില്ലാ ആശുപത്രിയിലെ പ്രസവ വാർഡിന്റെ വെളിയിൽ വരാന്തയിൽ മുപ്പത്തഞ്ചു വയസ്സു പ്രായമുള്ള ഫാത്തിമ എന്ന സ്ത്രീ പ്രസവിച്ചതു സംബന്ധിച്ച് പത്രങ്ങളിൽ വന്നിട്ടുള്ള റിപ്പോർട്ട് ഞാൻ വായിക്കാം. പ്രസവം നിറുത്തി വയ്ക്കുക, കട്ടിൽ ശരിയാകട്ടെ. ഈ ആശുപത്രിയിലെ പ്രസവ വാർഡിൽ, ഒരു പ്രസവ വാർഡിനു ആവശ്യമായിട്ടുള്ള സൗകര്യങ്ങളില്ല. പഴകി ജീർണ്ണിച്ച കെട്ടിടവും കട്ടിലുമുള്ള തടവുകാരുടെ ഒരു വാർഡ് അവിടെയുണ്ട്. പത്തു തടവുകാരെ അഡ്മിറ്റു ചെയ്ത് ചികിൽസ നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് കഴിഞ്ഞ 17-ാം തീയതി ഈ വാർഡിന്റെ മേൽക്കൂര തകർന്നത്. ആ വാർഡിൽ ഇപ്പോൾ മഴവെള്ളം വീഴാൻ തുടങ്ങിയിട്ടുണ്ട്. ഓപ്പറേഷനുശേഷം കിടത്തി ചികിൽസിക്കുന്ന പോസ്റ്റ് ഓപ്പറേഷൻ വാർഡിലും കോൺക്രീറ്റ് കെട്ടിടം തകർന്നിട്ടുണ്ട്. ഓപ്പറേഷൻ തീയേറ്റർ അടച്ചിട്ടിരിക്കുകയാണ്. ഇതു സംബന്ധിച്ചും പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. ജില്ലാ ആശുപത്രിയിലെ ഓപ്പറേഷൻ തീയേറ്റർ അടച്ചിട്ടു. അവിടെ ഭാഗികമായി ഒരു നഴ്സിംഗ് സ്കൂൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുകയാണ്. ഈ നഴ്സിംഗ് സ്കൂളിനോടനുബന്ധമായി പ്രവർത്തിക്കുന്ന ഹോസ്റ്റലും കഴിഞ്ഞ ജൂൺ മാസം 11-ാം തീയതി തകർന്നു വീണു, മൂന്നു വിദ്യാർത്ഥിനികൾക്ക് പരിക്കേറ്റു. ഇരുന്നൂറു വർഷം പഴക്കമുള്ള ഒരു വാടക കെട്ടിടത്തിലാണ് ഈ കുട്ടികൾ താമസിച്ചു വരുന്നത്. അറയ്ക്കൽ രാജകുടുംബത്തിന്റെ ഭാഗമായിട്ടുള്ള ഒരു കെട്ടിടമായിരുന്നു അത്. എഴുപതു വിദ്യാർത്ഥിനികൾ താമസിച്ചു വരുന്ന ഒരു കെട്ടിടമാണത്. അപകട ഭീഷണി ഉണ്ടാകും എന്ന് ആരോഗ്യ വകുപ്പ് അധികൃതർ മനസ്സിലാക്കിയിരുന്നു. ക്ലാസ്സ് മുറി ജില്ലാ ആശുപത്രിയോടു അനുബന്ധിച്ചുള്ള ഒരു പഴയ കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. അവിടെയും അപകട ഭീഷണിയാണ്.

[11 A.M] ജില്ലാ ആശുപത്രിയോട് അനുബന്ധമായി പ്രവർത്തിക്കുന്ന നഴ്സിംഗ് സ്കൂളിനും അതുപോലെ വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ കെട്ടിടത്തിനുമാവശ്യമായ ഫണ്ട് അനുവദിക്കാത്തതുകൊണ്ടാണ് പണി നടക്കാത്തത്. പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നിറുത്തിവച്ചിരിക്കുകയാണ്. കോൺട്രാക്ടർക്ക് തുക ലഭിക്കാത്തതുകൊണ്ട് പണി നിറുത്തിപ്പോയിരിക്കുകയാണ്. ചുരുങ്ങിയത് 18 ലക്ഷം രൂപയെങ്കിലും അതിനുവേണ്ടി അനുവദിക്കണം. അതുപോലെ ജില്ലാ ആശുപത്രിയിലെ ജീർണ്ണിച്ച കെട്ടിടവും കട്ടിലുകളുമൊക്കെ മാറ്റണം. കെട്ടിടം പുതുക്കി പണിയണം. ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നില്ലെങ്കിൽ വലിയ പ്രയാസമാണ് അവിടെയുണ്ടാകുന്നത്. ഇക്കാര്യങ്ങൾക്ക് അടിയന്തിര പരിഗണന നൽകാൻ ഗവണ്മെന്റ് മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, കണ്ണൂർ ജില്ലാ ആശുപത്രിയിൽ 616 കിടക്കകളും അവിടെയുള്ള എല്ലാ തസ്തികകളിലും ആളുകളുമുണ്ട്. പക്ഷേ കെട്ടിടം വളരെ പഴയതാണ്. ഇത് പുതുക്കി പണിയുന്നതിനുവേണ്ടി ഇതുവരെ നടപടികൾ സ്വീകരിച്ചിരുന്നില്ല. ഈ അടുത്ത കാലത്താണ് ചില നടപടികൾ സ്വീകരിച്ചത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ പണം കണ്ടെത്തിയാൽ അതിന്റെ അടിസ്ഥാനത്തിൽ പണി പൂർത്തീകരിക്കാനുള്ള എല്ലാ നടപടികളും അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുമെന്ന് ഞാൻ ഉറപ്പു നൽകുന്നു. നഴ്സിംഗ് സ്കൂളിന്റെ കെട്ടിടവും 200 വർഷം പഴക്കമുള്ള വാടക കെട്ടിടമാണ്. ഒരു വർഷമായി ഒരു ലക്ഷം രൂപയോളം വാടക കൊടുക്കാൻ ബാക്കിയുണ്ട്. വാടക കൊടുക്കാൻ കാശ് ബഡ്ജറ്റിൽ വരുന്നില്ല. 37 ലക്ഷം രൂപ ചെലവു വരുന്ന കെട്ടിടത്തിന്റെ പണി കുറച്ച് കാലം മുൻപ് തുടങ്ങി. കുറെ പണി പൂർത്തീകരിച്ചു. ബഡ്ജറ്റിൽ പണമില്ലാത്തതുകൊണ്ട് കൊടുക്കാൻ കഴിഞ്ഞില്ല. എം.എൽ.എ മാർ തന്നെ ഒപ്പിട്ട് എനിക്കും ധനകാര്യവകുപ്പിനും കൊടുത്ത ഹർജി ഞാൻ കണ്ടു. അഡിഷണൽ ആതറൈസേഷനിൽ പണം അനുവദിക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് പ്രൊപ്പോസൽ വച്ചിട്ടുണ്ട്. പണം ലഭിക്കുന്ന മുറയ്ക്ക് പൂർത്തീകരിക്കാൻ കഴിയും. ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്ന് അനുവദിച്ച കാര്യങ്ങൾ ചെയ്തു. അവിടെ രണ്ട് കാര്യങ്ങളിൽ പോരായ്മയുണ്ടായിരുന്നു. ഒന്ന് ഇൻസിനറേറ്റർ പോലുള്ള ചില ഉപകരണങ്ങളുടെ കാര്യത്തിൽ അത് പരിഹരിക്കുന്നതിന് ഗവണ്മെന്റ് ഉത്തരവ് കൊടുത്തിട്ടുണ്ട്, ടെന്ററും വിളിച്ചിട്ടുണ്ട്. അനുവദിച്ചിട്ടുള്ള എല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുള്ള ജില്ലാ ആശുപത്രികളിലൊന്നാണ് കണ്ണൂർ ജില്ലാ ആശുപത്രി. പക്ഷേ അവിടെയുള്ള രോഗികളുടെ എണ്ണവും വാർഡിന്റെ അസൗകര്യങ്ങളും കൊണ്ട് ചിലപ്പോൾ പുറത്തു പ്രസവം നടക്കുന്ന സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

വരുന്നു. കാരണം ആവശ്യമായ കെട്ടിടങ്ങളും ബെഡ്ഡുമില്ല. വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കണമെങ്കിൽ അതിനാവശ്യമായ സംവിധാനമുണ്ടാകണം. പലപ്പോഴും അനുവദിക്കപ്പെട്ട കിടക്കകളെക്കാൾ കൂടുതൽ രോഗികൾ കൂടുതൽ വരുന്നുവെന്നുള്ളതാണ് പ്രശ്നം. അത് നിയന്ത്രിക്കാൻ കഴിയുകയില്ല. കാരണം, അവരെ അസൗകര്യം പറഞ്ഞ് പുറത്തേയ്ക്കയ്ക്കാൻ കഴിയുകയില്ല. സ്വകാര്യമേഖലയിൽ പോയാലുള്ള ചെലവിന്റെ സ്ഥിതിയറിയാം. അതു കൊണ്ട് കഴിയുന്നത്ര അവിടെ സംവിധാനങ്ങളുണ്ടാക്കാൻ ശ്രമിക്കുകയാണ്. ഉള്ള സൗകര്യങ്ങൾ വച്ച് പരമാവധി പ്രവർത്തിക്കാൻ ശ്രമിക്കുന്നുണ്ട്.

മി. സ്പീക്കർ : ജില്ലാ ആശുപത്രികൾക്ക് പ്രത്യേക പരിഗണനയില്ലേ?

ശ്രീ. എ.സി. ഷൺമുഖദാസ് : അതിന്റെ പരിഗണന ബഡ്ജറ്റിന്റെ അടിസ്ഥാനത്തിലാണ്. ഡിപ്പാർട്ട്മെന്റിൽ എന്നും കിട്ടുന്ന ബഡ്ജറ്റ് തുകയിൽ നിന്നാണല്ലോ ഇത്തരം കാര്യങ്ങൾക്ക് തുക കൊടുക്കുന്നത്. നിയമസഭ പാസ്സാക്കിയ ആക്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ ആശുപത്രി ജില്ലാ പഞ്ചായത്തിനു വിട്ടുകൊടുത്തുകൊണ്ടുള്ള ഉത്തരവ് മിനിഞ്ഞാന്നാണ് പുറപ്പെടുവിച്ചത്. നാലുകോടി രൂപ ജില്ലാ ആശുപത്രികൾക്ക് മാത്രമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറ്റി വച്ചിട്ടുണ്ട്. അത് ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. അതുവച്ചുകൊണ്ട് ഇപ്പോഴത്തെ സ്ഥിതി കുറെ മെച്ചപ്പെടുത്താൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : പണം ആരാണ് ലഭ്യമാക്കേണ്ടത്?

ശ്രീ. എ.സി. ഷൺമുഖദാസ് : അതിന് ഞങ്ങൾ ശ്രമിക്കുകയാണ്. ഇതൊന്നും പുതിയ പ്രശ്നമല്ല. 25 വർഷമായി കെട്ടിടത്തിന്റെ പണി തുടങ്ങിയില്ല. ഇപ്പോൾ തുടങ്ങി.

(14) കേരള മുനിസിപ്പൽ കോർപ്പറേഷൻ വർക്കേഴ്സ് നടത്തുന്ന ധർണ്ണ

ശ്രീ. എം. മുരളി : സർ, തോട്ടികളുടെ കഥ പറഞ്ഞ തകഴി കഥാവശേഷനായിയെങ്കിലും തോട്ടിപ്പണി നമ്മുടെ രാജ്യത്ത് നിരോധിച്ചുവെങ്കിലും എല്ലാ അർത്ഥത്തിലും ആധുനിക തോട്ടികളായ നഗരങ്ങളിലെ കണ്ടിൻജന്റ് ജീവനക്കാർ ഇന്ന് പരിതാപാവസ്ഥയിലാണ്. അവരുടെ പ്രസ്ഥാനമായ കേരളാ മുനിസിപ്പൽ കോർപ്പറേഷൻ വർക്കേഴ്സ് കോൺഗ്രസ് ജീവൻപ്രധാനമായ ആവശ്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഇന്ന് സെക്രട്ടേറിയറ്റ് മാർച്ചും സത്യാഗ്രഹവും നടത്തുകയാണ്. അവർ നിരവധി ആവശ്യങ്ങൾ ഗവണ്മെന്റിന്റെ മുമ്പിൽ സമർപ്പിക്കുന്നുവെങ്കിലും പ്രധാനമായും രണ്ട് ആവശ്യങ്ങളാണ് ഗവണ്മെന്റിന്റെ മുമ്പിൽ ഉന്നയിക്കുന്നത്. 1999 മാർച്ചിൽ പരിഷ്കരിക്കേണ്ട അവരുടെ ശമ്പളം, പരിഷ്കരിക്കാൻ ഈ ഗവണ്മെന്റ് ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. മറ്റ് ഡിപ്പാർട്ടുമെന്റുകൾ അവിടെയുള്ള കണ്ടിൻജന്റ് ജീവനക്കാർക്ക് നൽകിയ ശമ്പള പരിഷ്കരണവും മറ്റാനുകൂല്യങ്ങളും കേരളത്തിലെ മുനിസിപ്പാലിറ്റികളിലും മൂന്നു കോർപ്പറേഷനുകളിലും പണിയെടുക്കുന്ന നൂറുകണക്കിന് വരുന്ന കണ്ടിൻജന്റ് തൊഴിലാളികൾക്ക് നിഷേധിച്ചിരിക്കുകയാണ്. ശമ്പള പരിഷ്കരണം നടപ്പിലാക്കിയ സാഹചര്യത്തിൽ നഗരങ്ങളിൽ പണിയെടുക്കുന്ന, മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്ന, ആധുനിക തോട്ടിപ്പണി ചെയ്യുന്ന, പാവപ്പെട്ട തൊഴിലാളികൾക്ക് അവർ ചെയ്യുന്ന പണിയുടെ പ്രത്യേകതകൊണ്ടുതന്നെ, നരകതുല്യമായ പണി ചെയ്യുന്ന, രോഗജന്യങ്ങളായ സാഹചര്യത്തിൽ പണി ചെയ്യുന്ന ഈ

LIBRARY ARCHIVES Kerala Legislative Assembly